## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** **11-06-2024 - ൽ മറുപടിയ്ക്ക്**

## വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. സജീവ് ജോസഫ്, ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതിലൈൻ പൊട്ടിവീണും സർവീസ് വയറിലുണ്ടാകുന്ന ചോർച്ചയും കാരണം വൈദ്യുതാഘാതം ഏൽക്കുന്ന സാഹചര്യം തടയാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | <u>വൈദ്യുതി ലൈൻ പൊട്ടി വീണു ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഉള്ള നടപടികൾ</u><br><br>കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാ പനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ളു. നിശ്ചിത പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് LT ലൈനുകൾ സുരക്ഷയുടെ കൂടി പ്രാധാന്യം കണക്കിലെടുത്തു 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിച്ചു നിർമ്മിക്കാൻ തീരുമാനിച്ചു. ഇത് നടപ്പിലാക്കി വരികയാണ് .<br><br>കെ.എസ്.ഇ.ബി ലിമിറ്റഡ് ഉപഭോക്തൃ പ്രെമിസെസിലെ വൈദ്യുത വിതരണം ആരംഭിക്കുന്നത് വരെയുള്ള സർവീസ് ലൈൻ, ഉപഭോക്തൃ പ്രെമിസെസിലെ വയറിംഗ് മുതലായവ സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തിയിട്ടാണ് പുതുതായി സർവീസ് കണക്ഷൻ നൽകുന്നത്.<br><br>ഉപഭോക്താവ് തന്റെ നിയന്ത്രണത്തിലുള്ള ലൈസൻസിയുടെ ഇൻസ്റ്റാളേഷൻ സുരക്ഷിതമായി സൂക്ഷി ച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. തന്റെ സർവീസ് കണക്ഷൻ നൽകുന്ന സമയത്തു ഉണ്ടായിരുന്ന സുരക്ഷിത സാഹചര്യം അതേപടി നിലനിർത്തുവാനും (പ്രേമിസിസിൽ അപകടകരമാം വിധം വ്യതിയാനം വരുത്താതെ) ഉപഭോക്താവ് ബാധ്യസ്ഥനാണ്. വൈദ്യുത ചോർച്ച ഉണ്ടാകുന്ന |

സാഹചര്യം ഉണ്ടായാൽ ഉടൻ തന്നെ കെ.എസ്.ഇ.ബി ലിമിറ്റഡിനെ അറിയിക്കേണ്ടതാണ്.

വൈദ്യുതിലൈൻ പൊട്ടിവീണും സർവീസ് വയറിലുണ്ടാകുന്ന ചോർച്ചയും കാരണം വൈദ്യുതാഘാതം ഏൽക്കുന്ന അപകടങ്ങൾ ഒഴിവാക്കാൻ ജീവനക്കാർ ക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവൽകരണ ക്ലാസുകൾ, ലഘുലേഖ വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടത്തിവരുന്നു. വീട്ടുകളിലുണ്ടാകുന്ന, ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ELCB എന്ന ഉപകരണം സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ബോധവൽക്കരണം നടത്തി വരുന്നു.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി "ദ്യുതി" എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി. കണ്ടക്ടർ ഉപയോഗിക്കുന്നതു വഴിയും സ്പേസറുകൾ, ലൈൻ മൗണ്ടഡ് ഗാർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതു കൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിനും, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ പൂർണമായും ഉറപ്പുവരുത്തു ന്നതിനും KSEBL അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | സബ്സ്റ്റേഷനുകളിൽ ഹൈ-സെൻസിറ്റീവ് റിലേകൾ സ്ഥാപിച്ച് വൈദ്യുതി ബന്ധം ഓട്ടോമാറ്റിക്കായി വിച്ഛേദിക്കുന്നതിനുള്ള സംവിധാനം (സ്വയം പ്രവർത്തിക്കുന്ന സർക്യൂട്ട് ബ്രേക്കറുകൾ) വഴി ഹൈ ടെൻഷൻ ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ KSEBL ശ്രദ്ധിച്ചുവരുന്നു. ലോ-ടെൻഷൻ വിതരണലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ-ടെൻഷൻ ലൈനുകളിൽ മറ്റു സാങ്കേതികവിദ്യ നിലവിൽ ഉണ്ടെങ്കിലും ഉപയോഗിക്കുന്നത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടേറിയതുമാണ്. എന്നിരുന്നാലും ഇലക്ട്രിക്കൽ ഉപകരണ നിർമാതാക്കളിൽ നിന്നും ഇലക്ട്രിക്കൽ പ്രൊട്ടക്ഷൻ സിസ്റ്റം ആർക്കിടെക്ചറുകളിൽ നിന്നും ഇന്നവേറ്റേഴ്സിൽ നിന്നും മുതൽ മുടക്കു കുറഞ്ഞതും കൂടുതൽ ഫലപ്രാപ്തിയുള്ളതുമായ പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നുണ്ട്.<br><br>ഇതുകൂടാതെ "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്തു സ്ഥാപിച്ചു വരുന്നു. 11 കെ.വി., 33 കെ.വി. വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്നു കണ്ടുപിടിച്ചു വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ SMS മൂലവും തകരാർ ഉണ്ടായ സ്ഥലം GIS മാപ് വഴിയും അറിയിച്ച് പ്രശ്ന പരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്.<br><br>കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽ പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496010101) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.<br><br>സർവീസ് വയറിൽ ഉണ്ടാകുന്ന ചോർച്ച കാരണം ഉണ്ടാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ജോയിന്റ് ഉള്ള സർവീസ് വയറുകൾ മീറ്റർ റീഡർമാരും, ഫീൽഡ് ജീവനക്കാരും മുഖാന്തരം കണ്ടെത്തി മാറ്റുന്ന പ്രവർത്തി നടന്നുവരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂർ പ്രദേശത്ത് കടവരാന്തയിൽ നിന്ന വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട സംഭവത്തിൽ | (ബി) | കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂർ പ്രദേശത്ത് കടവരാന്തയിൽ നിന്ന വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട സംഭവത്തിൽ, സ്ഥല പരിശോധന നടത്തി പ്രാഥമിക അന്വേഷണ |

| | | | |
|---|---|---|---|
| | അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തിന്റെ ; | | റിപ്പോർട്ട് സമർപ്പിക്കുകയും, വകുപ്പ് തല അച്ചടക്ക നടപടിയുടെ ഭാഗമായി എക്സിക്യൂട്ടീവ് എൻജിനിയർ ഇലക്ട്രിക്കൽ ഡിവിഷൻ ഫറോക്ക് നാല് കുറ്റാരോപിതാർക്ക് എതിരെ കുറ്റപത്രം, കുറ്റാരോപണ പത്രിക നല്കി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ യുദ്ധകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വൈദ്യുതി ലൈൻ പൊട്ടി വീണുള്ള അപകടം ഒഴിവാക്കുന്നതിനായി റീ കണ്ടക്റ്ററിങ്, സ്പേസർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ യുദ്ധകാല അടിസ്ഥാനത്തിൽ നടന്നു വരുന്നു. കാലപ്പഴക്കം ചെന്ന സർവീസ് വയറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വൈദ്യുത ആഘാതം മൂലമുള്ള അപകടങ്ങൾ തടയുന്നതിനായി ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും നിരന്തരം ദൃശ്യ ബോധ വൽകരണ ക്ലാസുകൾ, ലഘുലേഖ വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടത്തിവരുന്നു. കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496010101) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ